DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

14.03.2019

# കാർഷികമേഖലാവാർത്തകൾ

## ലോഗോ മത്സരത്തിന് അപേക്ഷിക്കാം

മലപ്പുറം ജില്ലയിലെ **'എടയൂർ മുളകിന്'** ഭൗമസൂചികാംഗീകാരം ലഭ്യമാക്കുന്നതിന്റെ ഭാഗമായി എടയൂർ മുളകിന്റെ കൃഷി രീതികളും സവിശേഷതകളും പൈതൃകവും ഒത്തുചേരുന്ന ലോഗോ രൂപകല്പന ചെയ്യുന്നതിന് ബൗദ്ധീക സ്വത്തവകാശ സംരക്ഷണ സെല്ല്, കേരള കാർഷിക സർവകലാശാല മത്സരം സംഘടിപ്പിക്കുന്നു. ലോഗോകൾ ഈ മാസം 23-ന് മുമ്പായി കളർ പ്രിന്റും സി.ഡി.യിൽ ഉള്ള സോഫ്റ്റ് കോപ്പിയും സഹിതം കോർഡിനേറ്റർ, ഐ.പി.ആർ.സെൽ, കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി പി.ഒ. തൃശൂർ എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. വിജയിക്ക് 3000 രൂപ പാരിതോഷികവും സർട്ടിഫിക്കറ്റും ലഭിക്കും. ഒരു വ്യക്തിക്ക് മൂന്ന് ലോഗോകൾ വരെ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 9847783895.

## പരിശീലനം

കേരള കാർഷിക സർവ്വകലാശാല മണ്ണൂത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ മാർച്ച് 19 ന് 'കോഴിവളർത്തൽ' എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കോഴിവളർത്തൽ, കൂടിന്റെ

ഘടനയും നിർമ്മാണവും, തീറ്റക്രമങ്ങൾ, ചികിത്സാ ക്രമങ്ങളും കുത്തിവയ്പ്പും, പ്രായോഗിക പരിശീലനം, പ്രൊജക്റ്റ് നിർമ്മാണം എന്നിവയിൽ വിദഗ്ധർ ക്ലാസ്സെടുക്കുന്നു. 500 രൂപ രജിസ്ട്രേഷൻ ഫീസ് നിശ്ചയിച്ചിട്ടുള്ള പരിപാടിയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 0487-2370773, 9447789728, 9074403449 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## ജൈവവൈവിധ്യ പുരസ്കാരം അപേക്ഷ ക്ഷണിച്ചു.

സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ജൈവവൈവിധ്യ പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. ഹരിത വ്യക്തിപരിസ്ഥിതി സംരക്ഷകൻ, നാടൻ സസ്യയിനങ്ങളുടെ സംരക്ഷകൻ, നാടൻ കന്നുകാലിയിനങ്ങളുടെ സംരക്ഷകൻ, ഹരിത വിദ്യാലയം, ഹരിതകോളേജ്, ഹരിത പത്രപ്രവർത്തകൻ, ഹരിത ഇലക്ട്രോണിക് മാധ്യമ പ്രവർത്തകൻ, ഹരിത സ്ഥാപനം, ജൈവവൈവിധ്യ മേഖലയിലെ മികച്ച സന്നദ്ധ സംഘടന, മികച്ച ജൈവവൈവിധ്യ പരിപാലന സമിതി എന്നിവർക്കാണ് പുരസ്കാരം. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, എൽ 14, ജയ് നഗർ, മെഡിക്കൽ കോളേജ് പി. ഒ, തിരുവനന്തപുരം -695011 എന്ന വിലാസത്തിൽ ഈ മാസം 30 നകം ലഭിക്കേണ്ടതാണ്. അപേക്ഷയുടെ മാതൃകയും വിശദവിവരങ്ങളും www.keralabiodiversity.org ലഭ്യമാണ്. ഫോൺ നമ്പർ 0471-2554740.

## അറിയിപ്പ്

കേരള കാർഷികസർവ്വകലാശാലയുടെ കീഴിൽ ചാലക്കുടിയിലെ കൂടപ്പുഴയിൽ പ്രവർത്തിക്കുന്ന അഗ്രോണമിക് റിസർച്ച് സ്റ്റേഷനിൽ 105 ദിവസം മൂപ്പുള്ള മട്ടത്രിവേണി നെൽവിത്ത് കിലോഗ്രാമിന് 40 രൂപ നിരക്കിൽ 15 ടൺ വിൽപ്പനക്ക് ലഭ്യമാണ്. ബന്ധപ്പെടേണ്ട നമ്പർ 0480 – 2702116, 9074403449.

## പരിശീലനം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ തിരുവനന്തപുരത്ത് കരമന നെടുങ്കാട് പ്രവർത്തിക്കുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം ഈ മാസം 23 ന് മട്ടുപ്പാവ് കൃഷിയും, ജൈവകീടരോഗ നിയന്ത്രണവും എന്ന വിഷയത്തെ ആസ്പദമാക്കി ഏകദിന പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ 0471-2343586 എന്ന ഫോൺ നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമായിരിക്കും അവസരം ലഭിക്കുക.

## അഗ്രി ക്ലിനിക് ആന്റ് അഗ്രി ബിസിനസ്

പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ അഗ്രിക്ലിനിക്സ് ആൻഡ് അഗ്രിബിസിനസ് സെന്റർ നടത്തുന്ന പരിശീലനത്തിന് ഈ മാസം 31 വരെ അപേക്ഷിക്കാം. കൃഷി ബിരുദമോ, കൃഷി ഡിപ്ലോമയോ ജീവശാസ്ത്ര ബിരുദമോ ഉള്ളവർക്കും പ്ലസ്ടുവിന് കൃഷി അനുബന്ധ വിഷയം പഠിച്ചവർക്കും അപേക്ഷിക്കാം. രണ്ടു

മാസത്തെ പരിശീലനം കഴിഞ്ഞ് സംരംഭം തുടങ്ങാൻ ആഗ്രിഹിക്കുന്ന വ്യക്തികൾക്ക് പ്രോജക്ട് ചെലവിന്റെ അടിസ്ഥാനത്തിൽ 20 ലക്ഷം രൂപ വരെയും സംഘങ്ങൾക്ക് ഒരു കോടി രൂപ വരെയും വായ്പ ലഭ്യമാക്കും കൂടുതൽ വിവരങ്ങൾക്ക് 0466-2212228, 0466-2212275.